14. സ്റ്റേറ്റ് ഇനിഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് (എസ്.ഐ.ഡി): വൈകല്യം തടയുന്നതിനായി പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലഭ്യമാക്കി സർക്കാർ പ്രത്യേകം താൽപര്യമെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

15. സമാശ്വാസം പദ്ധതി : സംസ്ഥാനത്ത് വൃക്കതകരാർമൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് പ്രതിമാസം 900 രൂപയും, വൃക്ക/കരൾ എന്നിവ മാറ്റിവയ്ക്കപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1000 രൂപയും ധനസഹായം അനുവദിക്കുന്നു.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതത്തിനു പുറമെ ആവശ്യമായി വരുന്ന തുക, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ എന്നിവരിൽ നിന്നും സമാഹരിക്കുകയും അവരുമായി ചേർന്ന് സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ച് അവ നടപ്പിലാക്കുക, സഹായം ആവശ്യമായ ഘട്ടത്തിൽ സഹായമർഹിക്കുന്നവർക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ വി.കെയർ എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നട്ടെല്ലിനും ഞരമ്പുകൾക്കും ക്ഷതം സംഭവിച്ച് കിടപ്പിലായവരെ ദീർഘകാല പരിചരണം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള മാതൃകാ പാരാപ്ലജിക് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ശരണാലയങ്ങളിലെ അരക്ഷിതാവസ്ഥയും നിയമവിരുദ്ധ പ്രവർത്തനങ്ങളും

**241 (3436)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് ശിശു/മാതാവ്/വൃദ്ധജനങ്ങൾ/മറ്റ് അശരണർ എന്നിവരെ സംരക്ഷിക്കാനായി രജിസ്റ്റർ ചെയ്യപ്പെട്ട എത്ര സ്ഥാപനങ്ങൾ സാമൂഹികനീതി വകുപ്പിന്റെ കീഴിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനങ്ങൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുയെന്നും എന്തെല്ലാം വിദേശ സഹായങ്ങൾ ലഭിക്കുന്നുണ്ടെന്നും അറിയിക്കുമോ ; പ്രസ്തുത സ്ഥാപനങ്ങളുടെ വരവ് ചെലവുകൾ പരിശോധിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വൃദ്ധജനപീഡനം, സ്ത്രീപീഡനം, കുട്ടികളുടെമേലുള്ള അനാശാസ്യം, മറ്റ് അപകടകരമായ പ്രവർത്തികൾ, പണാപഹരണം എന്നിവ സംബന്ധിച്ച് ഈ സർക്കാർ വന്നശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് സാമൂഹികനീതി വകുപ്പ് കണക്കാക്കിയിട്ടുള്ളത് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആതുരാലയങ്ങളുടെ മറവിൽ നടക്കുന്ന അനാശാസ്യ പ്രവർത്തനങ്ങൾ തടയാനും അന്തേവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാനും അടിയന്തര നിയമനിർമ്മാണം നടത്തുമോ ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(ഇ) ഈ സർക്കാർ നിലവിൽ വന്നശേഷം രജിസ്റ്റർ ചെയ്യപ്പെട്ട ഇത്തരത്തിലുള്ള എത്ര സ്ഥാപനങ്ങൾ സാമൂഹികനീതി വകുപ്പിന്റെ കീഴിലുണ്ട് ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**രോഗികളെ പരിചരിക്കുന്നവർക്കുള്ള ധനസഹായം**

242 (3437) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശയ്യാവലംബികളായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ഇപ്പോൾ എത്രരൂപയാണ് ധനസഹായം നല്കുന്നത് ; പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എത്ര രൂപവരെ വാർഷിക വരുമാനമുള്ളവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത് ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) ശയ്യാവലംബികളായിട്ടുള്ള രോഗികളെ പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ ഇപ്പോൾ 525 രൂപാ നിരക്കിൽ പ്രതിമാസ ധനസഹായം നൽകിവരുന്നു. ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപ വരെയും പട്ടണപ്രദേശങ്ങളിൽ 22,375 രൂപവരെയും വാർഷിക വരുമാനമുള്ളവർക്കാണ് ആശ്വാസകിരണം പദ്ധതി ധനസഹായത്തിന് അർഹതയുള്ളത്. എന്നാൽ സെറിബ്രൽ പാൾസി, ഓട്ടിസം, ബുദ്ധിവൈകല്യം, മാനസികരോഗം എന്നീ രോഗങ്ങൾ ബാധിച്ചവരെ പരിചരിക്കുന്നവർക്ക് വരുമാനപരിധി ബാധകമല്ലാതെ ധനസഹായം അനുവദിച്ചു വരുന്നു.

**കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി കമ്മീഷൻ**

243 (3438) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി കമ്മീഷൻ രൂപീകരിക്കാനിടയായ സാഹചര്യം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly